പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 124** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>ഉന്നതവിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധികളും വെല്ലുവിളികളും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ
ശ്രീ. കെ. രാജൻ
ശ്രീ. മുഹമ്മദ് മുഹസിൻ
ശ്രീ. സി. അജയപ്രസാദ്

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** അടിസ്ഥാന സാക്ഷരതയിലും പൊതുവിദ്യാഭ്യാസത്തിലും മുന്നിലാണെങ്കിലും കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖല നിലവിൽ സങ്കീർണ്ണമായ നിരവധി പ്രതിസന്ധികളിലൂടെയും വെല്ലുവിളികളിലൂടെയുമാണ് കടന്നുപോകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉന്നതവിദ്യാഭ്യാസ മേഖല നേരിടുന്ന സമകാലിക വെല്ലുവിളികളും പരിഷ്കരണ ആവശ്യകതകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബിരുദധാരികൾക്കിടയിലെ തൊഴിലില്ലായ്മ, പ്രായോഗിക വൈദഗ്ധ്യത്തിന്റെ കുറവ്, ആവശ്യത്തിന് ഗവേഷണ ഫണ്ടിന്റെ അഭാവം എന്നിവയും മേഖലയിലെ വെല്ലുവിളികളായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

ഈ വെല്ലുവിളികളെ നേരിടുന്നതിനും ഉന്നതവിദ്യാഭ്യാസ മേഖലയെ ആധുനികവത്കരിക്കുന്നതിനുമായി സമഗ്രമായ വികസന പ്രവർത്തനങ്ങളും പരിഷ്കാരങ്ങളും നടപ്പിലാക്കിവരുന്നുണ്ട്.

**(ബി)** കേരളത്തിലെ ഭൂരിഭാഗം വിദ്യാർത്ഥികളും ഉപരിപഠനത്തിനായി മറ്റ് സംസ്ഥാനങ്ങളെയോ വിദേശ രാജ്യങ്ങളെയോ ആശ്രയിക്കുന്ന പ്രവണത വളരെ വേഗത്തിൽ വർദ്ധിച്ചുവരുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉപരിപഠനത്തിനായി സംസ്ഥാനത്തെ വിദ്യാർത്ഥികൾ മറ്റ് സംസ്ഥാനങ്ങളെയോ വിദേശ രാജ്യങ്ങളെയോ ആശ്രയിക്കുന്ന പ്രവണത വർദ്ധിച്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

ആഗോളതലത്തിലുള്ള തൊഴിൽ സാധ്യതകൾ, ഉയർന്ന ജീവിതനിലവാരം, പോസ്റ്റ്-സ്റ്റഡി വർക്ക് വിസ സൗകര്യങ്ങൾ, പഠനത്തോടൊപ്പം പാർട് ടൈം ജോലി ചെയ്യാനുള്ള അവസരങ്ങൾ, സ്ഥിരതാമസത്തിനുള്ള (PR) സാധ്യതകൾ എന്നിവയാണ് വിദ്യാർത്ഥികളെ വിദേശപഠനത്തിലേക്ക് ആകർഷിക്കുന്ന ധാനഘടകങ്ങൾ എന്ന് കാണുന്നു.

കൂടാതെ വിദേശ സർവകലാശാലകളിലെ സ്വകാര്യതയും സ്വാതന്ത്ര്യവും തൊഴിൽസാധ്യതയും വിദ്യാർത്ഥികളെ ആകർഷിക്കുന്നുണ്ട് എന്ന് വിലയിരുത്തപ്പെടുന്നു.

ഇത് കൂടുതൽ പരിശോധിക്കുന്നതിനായി 'Student Aspiration Survey' പരീക്ഷണാടിസ്ഥാനത്തിൽ നടത്തിക്കഴിഞ്ഞിട്ടുണ്ട്.

ഇത്തരം അക്കാദമിക് പലായനം തടയുന്നതിനും വിദ്യാർത്ഥികളെ സംസ്ഥാനത്ത് നിലനിർത്തുന്നതിനുമായി വിദേശ സർവകലാശാലകളുമായി ധാരണാപത്രങ്ങൾ ഒപ്പുവെച്ച് സ്റ്റുഡന്റ് എക്സ്ചേഞ്ച്, ഡ്യുവൽ ഡിഗ്രി പ്രോഗ്രാമുകൾ നടപ്പിലാക്കുകയും, Industry on Campus Earn and Learn പദ്ധതി വ്യാപിപ്പിക്കുകയും, വിദേശ വിദ്യാർത്ഥികളെ ആകർഷിക്കാൻ Semester in Kerala പദ്ധതിയും Global Knowledge Exchange Park (KEP) സ്ഥാപിക്കലും വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഉന്നതവിദ്യാഭ്യാസ അവസരങ്ങൾ സംസ്ഥാനത്തിനകത്തുതന്നെ ലഭ്യമാക്കുന്നതിനായി സ്വകാര്യ സർവ്വകലാശാലകൾക്കും (Private Universities) വിദേശ സർവ്വകലാശാലകൾക്കും (Foreign Universities) സംസ്ഥാനത്ത് പ്രവർത്തനാനുമതി നൽകുന്നതിനുള്ള നിയമനിർമ്മാണ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

**(സി)** ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ.), ഡാറ്റാ സയൻസ് തുടങ്ങിയ ആധുനിക സാങ്കേതിക മേഖലകൾക്ക് അനുയോജ്യമായ രീതിയിൽ കേരളത്തിലെ കോഴ്സുകൾ പരിഷ്കരിക്കപ്പെടാത്തത് വിദ്യാർത്ഥികളുടെ തൊഴിൽക്ഷമതയെ ബാധിക്കുന്നുണ്ടോ; വിശദമാക്കാമോ;

**മറുപടി:** പരമ്പരാഗത വിഷയങ്ങളിൽ ഇത്തരം നൂതന സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തുന്നതിലെ കുറവുകൾ തൊഴിൽക്ഷമതയെ ബാധിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് .

ആധുനിക സാങ്കേതിക മേഖലകൾക്ക് അനുയോജ്യമായ രീതിയിൽ കോഴ്സുകളും പാഠ്യപദ്ധതികളും കാലാനുസൃതമായി പരിഷ്കരിച്ചുവരുന്നുണ്ട്. തൊഴിൽ വിപണിയിലെ മാറ്റങ്ങൾ വിശകലനം ചെയ്യാൻ Job Watch Tower (JWT), Apprenticeship Exchange Platform എന്നിവയും സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

**(ഡി)** വിദ്യാർത്ഥികളുടെ വിദേശ കുടിയേറ്റം കാരണം സംസ്ഥാനത്തെ പല പ്രമുഖ സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകളിലും ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് ആവശ്യത്തിന് കുട്ടികളില്ലാതെ വൻതോതിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന പ്രതിസന്ധിയുണ്ടോ; വിശദമാക്കാമോ?

**മറുപടി:** പ്രമുഖ സർക്കാർ, എയ്ഡഡ് കോളേജുകളിലെ മെറിറ്റ് സീറ്റുകളിലും പുതു-തലമുറ കോഴ്സുകളിലും മികച്ച പ്രവേശനവും ഡിമാൻഡും ഇപ്പോഴും നിലനിൽക്കുന്നുണ്ട്. എം.ജി. സർവകലാശാല നേരിട്ട് നടത്തുന്ന നവീന കോഴ്സുകളിലും, കുസാറ്റിലും പ്രവേശനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. കൂടാതെ ഗവ. ലോ കോളേജുകളിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന പ്രതിസന്ധിയില്ല.

എന്നിരുന്നാലും, കഴിഞ്ഞ കാലങ്ങളിൽ മൊത്തം കോളേജുകളുടെയും സീറ്റുകളുടെയും എണ്ണം ഗണ്യമായി വർദ്ധിച്ചതിനാലും, പരമ്പരാഗത കോഴ്സുകൾക്ക് താല്പര്യം കുറഞ്ഞതിനാലും ചില കോളേജുകളിൽ സീറ്റുകൾ ഒഴിവുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ, വിദ്യാർത്ഥികളുടെ വിദേശ കുടിയേറ്റവും നേരിട്ടുള്ള തൊഴിൽ പ്രവേശന താല്പര്യവും കാരണം സംസ്ഥാനത്തെ എം.ടെക് (M.Tech) കോഴ്സുകളിൽ ഏകദേശം 30% സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമുണ്ട്.

ഈ സാഹചര്യം പരിഹരിക്കുന്നതിനായി തൊഴിലധിഷ്ഠിത പാഠ്യപദ്ധതി പരിഷ്കരണങ്ങളും വ്യവസായ സഹകരണവും ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**